GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/08/2026

1) സംസ്ഥാനത്ത് 2026 ജൂലൈ 29 മുതൽ ആഗസ്റ്റ് 10 വരെ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസമായി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിനും വിള ഇൻഷുറൻസ് നഷ്ടപരിഹാരത്തിനും അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി സെപ്റ്റംബർ 5 വരെ നീട്ടിയതായി കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് അറിയിച്ചു. ഇതുവരെ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത അർഹരായ എല്ലാ കർഷകർക്കും സെപ്റ്റംബർ 5-നകം AIMS പോർട്ടൽ വഴിയോ സമീപത്തെ കൃഷിഭവനുമായി ബന്ധപ്പെട്ടോ അപേക്ഷ സമർപ്പിക്കാം.

2) ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധവും മായം കലരാത്തതുമായ പാൽ ഉറപ്പാക്കുന്നതിനായി ക്ഷീര വികസന വകുപ്പ്

ഊർജിത പാൽ പരിശോധനാ സംവിധാനം ഒരുക്കുന്നു. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീര വികസന വകുപ്പിന്റെ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിൽ 2026 ഓഗസ്റ്റ് 20 മുതൽ 24 വരെ ഓണക്കാല പ്രത്യേക പാൽ പരിശോധനയും ഇൻഫർമേഷൻ സെന്ററും പ്രവർത്തിക്കും. പരിശോധനയിൽ ഗുണനിലവാരമില്ലാത്തതോ സുരക്ഷിതമല്ലാത്തതോ ആയ പാൽ കണ്ടെത്തുന്ന പക്ഷം തുടർനടപടികൾക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിനെ വിവരം അറിയിക്കും. കർഷകർ ഉത്പാദിപ്പിക്കുന്ന പാലിന്റെയും പൊതുജനങ്ങൾ ഉപയോഗിക്കുന്ന പാലിന്റെയും സൗജന്യ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിൽ ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ക്ഷീര വികസന വകുപ്പ് അറിയിച്ചു. പരിശോധനയ്ക്കായി കുറഞ്ഞത് 200 മില്ലി ലിറ്റർ സാമ്പിൾ പാൽ എത്തിക്കണം. പാക്കറ്റ് പാലാണെങ്കിൽ പാക്കറ്റ് പൊട്ടിക്കാതെ, ശേഖരിച്ച ഉടൻ തന്നെ പരിശോധനയ്ക്കായി ലാബിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും പാൽ പരിശോധനയുമായി ബന്ധപ്പെട്ട സേവനങ്ങൾക്കും പട്ടത്തുള്ള ക്ഷീര വികസന വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ ഓഫീസുമായി 0471–2440217 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3) റബ്ബർബോർഡിൻറെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി) വെച്ച് റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പ് എന്ന വിഷയത്തിൽ 2026 ആഗസ്റ്റ് 19, 20 തീയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. നൂതന ടാപ്പിങ് രീതികൾ. നിയന്ത്രിതകമിഴ്ത്തിവെട്ട് (CUT) ഇടവേളകൂടിയ ടാപ്പിങ് (LFT) ഉത്തേജകൗഷധപ്രയോഗം, റെയിൻഗാർഡിങ് എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 6238092175, 04812351313 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

4) കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ കോഴിക്കോട് വേങ്ങേരി തടമ്പാട്ടുതാഴത്ത് പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ വിവിധയിനം ഫലവൃക്ഷ തൈകൾ മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കു 0495 2935850 / 9188223584 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

5) കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് & ഫുഡ് ടെക്നോളജി, തവനൂരിൽ മാത്തമാറ്റിക്സ് വിഭാഗത്തിലെ ഒരു അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് ഒരു വർഷത്തേക്ക്

കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി ആഗസ്റ്റ് 20 ന് രാവിലെ 10 മണിക്ക് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ രാവിലെ 9 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് www.kau.in, kcaet.kau.in എന്നിവ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0494-2686214 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6) ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2026 ആഗസ്റ്റ് 21 മുതൽ 22 വരെയുള്ള 2 ദിവസങ്ങളിലായി "**തീറ്റപ്പുൽകൃഷി പരിശീലനം**" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ, മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ബാങ്ക്പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ

ഹാജരാക്കേണ്ടതാണ്. പരിശീലനാർത്ഥികൾ 19.08.2026 വൈകുന്നരം 5 മണിക്ക് മുമ്പായി . 8089391209, 0476 2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7) കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷന് സെന്ററിൽ വെച്ച് അഗസ്റ്റ് 20 ന് **'കൂൺ കൃഷിക്കുറിച്ച്'** പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 8547070773, 0487 2370773 എന്നീ ഫോൺ നമ്പറുകളിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക.